(സി) മേൽപ്പറഞ്ഞ നടപടികൾ കാര്യക്ഷമമാക്കാതെ കേന്ദ്രഫണ്ട് ലഭ്യമാക്കുന്നതിനുള്ള എളുപ്പമാർഗ്ഗം എന്ന നിലയിൽ സ്വകാര്യവൽക്കരണത്തിലേയ്ക്ക് നീങ്ങുവാൻ ശ്രമം നടത്തുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ?

ഇല്ല. കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ച പ്രസ്തുത കൂടുതൽ വായ്പ അനുവദിക്കുന്നതിനെപ്പറ്റിയുള്ള വ്യവസ്ഥകളിന്മേൽ ബദൽ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സർക്കാർ പരിശോധിച്ചുവരുന്നു.

കടമെടുപ്പ് പരിധി ഉയർത്താൻ വൈദ്യുതി ബോർഡിന്റെ ബാധ്യത ഏറ്റെടുക്കൽ

203(217) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഉയർത്താൻ വൈദ്യുതി ബോർഡിന്റെ നിലവിലുള്ളതും ഭാവിയിൽ വരുന്നതുമായ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ?

ഉണ്ട്. കെ.എസ്.ഇ.ബി.-യുടെ 2022-23 മുതൽ 2025-26 സാമ്പത്തിക വർഷം വരെ മുൻ വർഷങ്ങളിലെ നഷ്ടത്തിന്റെ ഒരു ഭാഗം ഏറ്റെടുക്കണമെന്ന് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങളിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) കടമെടുപ്പ് പരിധി ഉയർത്തുന്നതിനായി വൈദ്യുതി വിതരണ കമ്പനികളുടെ സ്വകാര്യവൽക്കരണം നടത്തണമെന്ന കേന്ദ്ര നിർദ്ദേശത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ?

സംസ്ഥാന സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly